# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/266/2017 2017 ഡിസംബർ 16

## പത്രക്കുറിപ്പ്

**വാക്ക്-ഇൻ-ഇന്റർവ്യൂ**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ കംപ്യൂട്ടർ പ്രോഗ്രാമർ, ഹാർഡ്‌വെയർ എഞ്ചിനീയർ എന്നീ തസ്തികകളിൽ നിയമനത്തിനുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ ഡിസംബർ 22-ന് സർവ്വകലാശാലാ ആസ്ഥാനത്ത് വച്ച് നടത്തുന്നതാണ്. കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികയിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയമുള്ള അപേക്ഷകർക്കും ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**എം. ജി. യിൽ റിസർച്ച് സ്റ്റാഫ് ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല അഡ്വാൻസ്ഡ് മോളിക്യൂലാർ മെറ്റീരിയൽസ് റിസർച്ച് സെന്ററിൽ (AMMRC) കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് റിസർച്ച് സ്റ്റാഫ് (ഈഴവ സംവരണം) ഒഴിവുണ്ട്. കെമിസ്ട്രിയിൽ പി.എച്ച്.ഡി. ബിരുദമാണ് യോഗ്യത. ഇൻഓർഗാനിക്/മെറ്റീരിയൽ കെമിസ്ട്രിയിൽ പോസ്റ്റ് ഡോക്ടറൽ പ്രവൃത്തിപരിചയം അഭിലഷണീയം. പ്രായം : പരമാവധി 44 വയസ്സ്, പ്രതിമാസ വേതനം : 25,000/- രൂപ. താത്പര്യമുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ വിശദമായ ബയോഡാറ്റ സഹിതം, ഓണററി ഡയറക്ടർ, അഡ്വാൻസ്ഡ് മോളിക്യൂലാർ മെറ്റീരിയൽസ് റിസർച്ച് സെന്റർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ബിൽഡിംഗ്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി. ഒ., കോട്ടയം-686560 എന്ന വിലാസത്തിൽ 2018 ജനുവരി 1 -നകം സമർപ്പിക്കണം. വിവരങ്ങൾക്ക് : ഫോൺ - 9567544740, ഇ-മെയിൽ - ammrcmgu@gmail.com

**അപേക്ഷാ തീയതി**

രണ്ടാം വർഷ ബി.എസ്.സി നഴ്സിംഗ് (2015 അഡ്മിഷൻ റെഗുലർ, 2009 മുതൽ 2014 വരെ അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 17-ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 26 വരെയും 50 രൂപ പിഴയോടെ 27 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 29 വരെയും സ്വീകരിക്കും. റെഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടും എഴുതുന്നവർ പേപ്പർ ഒന്നിന് 20 രൂപ വീതവും (പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനൊപ്പം അടയ്ക്കണം.

**പ്രാക്റ്റിക്കൽ**

2017 നവംബറിൽ തൃപ്പൂണിത്തുറ ആർ. എൽ. വി കോളേജിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ചെണ്ട, മദ്ദളം എന്നീ പരീക്ഷകളുടെ പ്രാക്റ്റിക്കൽ യഥാക്രമം ഡിസംബർ 19 മുതൽ 20 വരെയും 2018 ജനുവരി 3 മുതൽ 5 വരെയും ആർ.എൽ.വി കോളേജിൽ വെച്ച് നടത്തുന്നതാണ്.

മൂന്നാം സെമസ്റ്റർ ബി സി എ/ബി എസ് സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (സി ബി സി എസ് എസ്, യുജി, 2015 അഡ്മിഷൻ റെഗുലർ/ 2013 മുതൽ അഡ്മിഷൻ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ്) ഒക്ടോബർ 2017 ബിരുദ പരീക്ഷയുടെ പ്രാക്റ്റിക്കൽ ഡിസംബർ 19,20,21 തീയതികളിൽ വിവിധ കോളേജുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**